(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി: 05.07.2017
doidk.ksad@kerala.gov.in

നം.കെ.എസ്.എ/ഐ.ഡി.കെ-12/890/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുണാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുണാപുരം ഗ്രാമപഞ്ചായത്ത് -2016-17ലെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-3, 3-6 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഐ.ഡി.കെ-12/890/2017 തീയതി : 05.07.2017

# ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.01.2017 മുതൽ 21.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി.എം.വി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.06.2017 മുതൽ<br>28.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കെ.മധുസൂദനൻ നായർ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. എം.കെ.അഭിലാഷ്,<br>സീ.ഗ്രേ .ഓഡിറ്റർ |
| | ശ്രീ. മേജോ കെ ജോർജ്ജ്,<br>സീ.ഗ്രേ. ഓഡിറ്റർ |
| | ശ്രീ. സാമുവൽ രാജ് ആർ,<br>സീ.ഗ്രേ. ഓഡിറ്റർ |

| | |
|---|---|
| | ശ്രീ. ബിനുമോൻ കെ. സി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ശിവപ്രസാദ് തണ്ണിപ്പാറ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ആർ. വെള്ളയ്യൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ഷാജാ ജോസഫ് | 01.04.2016 മുതൽ 11.01.2017 വരെ |
| | ശ്രീ.ബെന്നി മൈക്കിൾ | 12.01.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.പി.എം.റഷീദ് | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അശ്വതി ടി.വാസു | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.വി.വി.തോമസ് | 01.04.2016 മുതൽ 26.09.2016 വരെ |
| | ശ്രീ. എ.സി.മനോജ് | 27.09.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | ശ്രീമതി.ജി.എസ്.ബിന്ദു | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ധന്യ സൂസൻ ജോസഫ് | 01.04.2016 മുതൽ 27.09.2016 വരെ |
| | ഡോ. വിനീത പി. സൈമൺ | 28.09.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. എസ്.കാളീശ്വരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പി.പുഷ്പരാജൻ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| II | ഭാഗം 2 | |
| 13 | വസ്തു നികുതി പിരിവിൽ ഉദാസീനത-വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 2-1 |
| 14 | വാടക ഈടാക്കിയിട്ടില്ല | 2-2 |
| 15 | മൊബൈൽ ടവർ/കാറ്റാടി യന്ത്രങ്ങൾ എന്നിവയുടെ നികുതികൾ ഈടാക്കുന്നില്ല. | 2-3 |
| 16 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2-4 |
| 17 | ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല | 2-5 |
| III | ഭാഗം 3 | |
| 18 | വിവിധ മരാമത്ത് പ്രവർത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നതിനായി തുക പിൻവലിച്ചെങ്കിലും ബിറ്റുമിൻ വാങ്ങിയില്ല. | 3-1 |

| | | |
|---|---|---|
| 19 | റോഡ് ടാറിംഗ് പ്രവർത്തികൾക്ക് ബിറ്റുമിൻ ലഭ്യമാക്കാതെ പാർട്ട് ബില്ല് നൽകിയിരിക്കുന്നു.പണി പൂർത്തികരിച്ചില്ല ചെലവ് തടസ്സം ₹3103,729/- | 3-2 |
| 20 | പഞ്ചായത്ത് ഓഫീസ് ത്രീ ഫേസ് കണക്ഷൻ വൈദ്യുതീകരണം - ടെണ്ടർ കുറവ് പരിഗണിച്ചില്ല.നഷ്ടം ₹ 5722/- | 3-3 |
| 21 | പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് പോത്തുകുട്ടി വിതരണം-അധിക ധനസഹായം അനുവദിച്ചു. | 3-4 |
| 22 | വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ -തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല | 3-5 |
| 23 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-6 |
| IV | ഭാഗം 4 | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| V | അനുബന്ധം | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് തീയതിയിലെ 09.03.2016 ലെ തീരുമാനം I പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പടെ) 31.38 കോടിയും ചെലവ് 29.13 കോടിയുമായിരുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 08.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,32,03,066.00 |
| വരവ് | 8,11,61,955.00 |
| ആകെ | 9,43,65,021.00 |
| ചെലവ് | 7,65,29,160.00 |
| നീക്കിയിരിപ്പ് | 1,78,35,861.00 |

## 1-5 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2016-17 സാമ്പത്തിക വർഷം അലോട്ട് ചെയ്ത വിവിധ ഫണ്ടുകൾ, അവയുടെ ചെലവ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,53,28,582.00 | 1,21,90,009.00 | 79.52 |
| വികസനഫണ്ട് എസ്.സി.പി. | 35,02,263.00 | 26,63,553.00 | 76.05 |
| വികസനഫണ്ട് ടി.എസ്.പി. | 66,114.00 | 45,000.00 | 68.06 |

| | | | |
|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 85,96,785.00 | 48,64,009.00 | 56.58 |
| ലോകബാങ്ക്-കേന്ദ്രം | 33,18,604.00 | 22,52,611.00 | 67.88 |
| ലോകബാങ്ക്-സംസ്ഥാനം | 11,83,200.00 | 0.00 | 0.00 |
| സംരക്ഷണഗ്രാന്റ് റോഡ് | 1,93,97,409.00 | 1,29,00,310.00 | 66.51 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 43,55,193.00 | 27,05,500.00 | 62.12 |
| എം.എൻ.ആർ.ഇ.ജി.എസ്. | 6,76,32,628.00 | 6,72,46,818.00 | |
| ബി ഫണ്ട് | 2,98,94,735.00 | 2,98,94,735.00 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 8,63,59,839 | 80 | 3,94,72,988 | 51 | 33 | 48.78 |

2016-17 സാമ്പത്തിക വർഷം 164 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 80 പ്രോജക്ടുകൾ പൂർണ്ണമായും 51 പ്രോജക്ടുകൾ ഭാഗികമായും നടപ്പാക്കിയിട്ടുണ്ട്. ഭാഗികമായി നടപ്പാക്കിയ പ്രോജക്ടുകളും നടപ്പാക്കാത്ത 33 പ്രോജക്ടുകളിൽ 20 പ്രോജക്ടുകളും 2017-18 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. 13 പ്രോജക്ടുകൾ ഉപേക്ഷിച്ചു. വികസനഫണ്ട്-പൊതുവിഭാഗത്തിൽ 79 ശതമാനവും പട്ടികജാതി വിഭാഗത്തിൽ 76 ശതമാനവും ചെലവുണ്ട്. എന്നാൽ, ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 57 ശതമാനം തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 164 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 12 എണ്ണം മാത്രമാണ് ഉല്പാദന മേഖലക്ക് നീക്കി വെച്ചത്.

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) തെരുവ് നായ്ക്കളുടെ നിയന്ത്രണം
2) വിവിധ അംഗൻവാടികളുടെ വൈദ്യുതീകരണം
3) വൃദ്ധസദനം-ഫർണിച്ചർ വാങ്ങി നൽകൽ
4) സ്ലോട്ടർ ഹൗസ് നിർമ്മാണം
5) പൊതുസ്മശാന നിർമ്മാണം
6) വയലാർനഗർ കമ്മ്യൂണിറ്റി ഹാൾ വയറിംഗ്

7) ആശാൻകട 97 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം

8) ശൂലപ്പാറ 78 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം

9) തോവാളപ്പടി 79 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം

10) ചക്കക്കാനം 80 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം

11) ഇടത്തറമുക്ക് 81 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം

12) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം

13) സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 10,00,000.00 | 8,00,000.00 |
| വെറ്റെനറി സർജൻ | 6 | 5 | 19,87,520.00 | 13,41,230.00 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 15,25,000.00 | 15,25,000.00 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 73,77,000.00 | 60,22,223.00 |
| ഹെഡ് മാസ്റ്റർ | 3 | 1 | 7,68,142.00 | 3,25,000.00 |
| ഗ്രാമ സേവകൻ | 12 | 8 | 2,08,31,779.00 | 38,66,056.00 |
| സെക്രട്ടറി | 18 | 13 | 98,66,018.00 | 58,95,163.00 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 115 | 94 | 4,21,30,723.00 | 1,93,23,316.00 |
| അസിസ്റ്റൻന്റ് സെക്രട്ടറി | 2 | 2 | 8,73,657.00 | 3,75,000.00 |
| അകെ | 164 | 131 | 8,63,59,839.00 | 3,94,72,988.00 |

വിവിധ വിഭാഗങ്ങൾക്കായുള്ള പദ്ധതി ആവിഷ്കരണത്തിന്റെയും നടപ്പാക്കിയതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| പൊതു | 151 | 120 | 81935520.00 | 36589435.00 |
| പട്ടികജാതി | 12 | 10 | 4325205.00 | 2838553.00 |
| പട്ടികവർഗ്ഗം | 1 | 1 | 99114.00.00 | 45000.00 |
| ആകെ | 164 | 131 | 86359839.00 | 39472988.00 |

മേഖല തിരിച്ചുള്ള പ്രോജക്ടുകലുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ഉല്പാദനം | 12 | 9 | 8854172.00 | 2386609.00 |
| സേവനം | 64 | 41 | 48231308.00 | 20086747.00 |

| | | | | |
|---|---|---|---|---|
| പശ്ചാത്തലം | 88 | 82 | 29274359.00 | 16999632.00 |
| അകെ | 164 | 131 | 86359839.00 | 39472988.00 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.12ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 25,65,538 | 29,82,386 | 4,16,128 | 16.24 |
| നികുതിയേതര വരവുകൾ | 11,40,531 | 11,26,176 | (-) 14355 | (-) 1.25 |
| മറ്റുവരവുകൾ | 1,74,998 | 1,26,475 | (-) 48,523 | (-) 27.72 |
| ആകെ | 38,81,067 | 42,35,037 | 3,53,970 | 9.12 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,26,920.00 | 168 |
| കർഷകതൊഴിലാളി പെൻഷൻ | 14,81,470.00 | 203 |
| വിധവാപെൻഷൻ | 1,07,30,705.00 | 1189 |
| വാർദ്ധക്യകാലപെൻഷൻ | 1,50,44,745.00 | 1823 |
| വികലാംഗപെൻഷൻ | 22,90,545.00 | 273 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,16,150.00 | 22 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2,633/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ വാർഷിക പരിശോധന നടത്തി സെക്രട്ടറി

സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ നിശ്ചിത ഇടവേളകളിൽ ചേരുന്നുണ്ട്. ഗ്രാമസഭകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതല്ലാതെ പഞ്ചായത്തിന്റെ വികസനം സംബന്ധിച്ച് ക്രിയാത്മക ചർച്ചകൾ നടക്കുന്നില്ല. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. നികുതി കുടിശ്ശിക ഈടാക്കുന്നതിന് ക്യാമ്പ് ജീവനക്കാരെ നിയോഗിച്ചുവെങ്കിലും പിരിവ് തുലോം കുറവ് മാത്രമാണ്. നികുതി-നികുതിയേതര രജിസ്റ്ററുകൾ കൃത്യമായി എഴുതി പരിപാലിക്കുകയോ ഡി.സി.ബി തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.2017 | 05/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.08.2016 | 2015-16 വരെ | 26.09.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1.വസ്തു നികതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയിലെ തുകകളും വാർഷിക കണക്കുകൾ തുകകളുമായി വലിയ വ്യത്യാസം.

2. വസ്തു നികുതി പരിഷ്കരിച്ചത് തുക അടയ്ക്കുകയും പിന്നീട് നികുതി കുറവ് ചെയ്തപ്പോൾ അധികം അടച്ച തുക ബാദ്ധ്യതയായി ബി-9 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

3. കിട്ടുവാൻ സാധ്യതയില്ലാത്ത തുകകൾക്കുള്ള പ്രൊവിഷൻ (ബി-10) ഇട്ടിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിവിൽ ഉദാസീനത-വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2016-17 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി തൻവർഷ ഡിമാന്റ് ₹11871774/-യാണ്. എന്നാൽ ലഭ്യമായ രജിസ്റ്റർ പ്രകാരം ഡിമാന്റ് ₹4227384/- മാത്രമാണ്. തൻവർഷം പിരിച്ചെടുക്കാൻ സാധിച്ചത് ₹854568/- മാത്രമാണ്. (20ശതമാനം) വസ്തു നികുതി കുടിശ്ശികയായി ₹76,44,390/-

ഉണ്ടായിരുന്നതിൽ പിരിച്ചെടുക്കാൻ സാധിച്ചത് ₹12,36,576/- മാത്രമാണ്. (16 ശതമാനം) വസ്തു നികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കാത്തതുമൂലം ഇത് സംബന്ധിച്ച യഥാർത്ഥ ചിത്രം വ്യക്തമല്ല. വസ്തു നികുതി സംബന്ധമായ രജിസ്റ്ററുകൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുവാനോ സാംഖ്യ-സഞ്ജയ ഇന്റഗ്രേഷൻ നടത്തുവാനോ നാളിതുവരെ സാധിച്ചിട്ടില്ല. കൃത്യമായ രേഖകളുടെയും ഫീൽഡ് പ്രവർത്തനങ്ങളുടെയും അഭാവം വൻതുക തനതുവരുമാനത്തിൽ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിലേയ്ക്കും ഈ സാഹചര്യത്തിൽ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വാടക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തുക്കുപാലത്ത് സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 5 ശ്രീ ഭാസ്കരൻ, പട്ടുപടവിൽ എന്നയാൾക്ക് ₹913/- പ്രതിമാസ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത മുറിയുടെ തൻവർഷത്തെ വാടക ഒടുക്കിയിട്ടില്ല. പഞ്ചായത്ത് വാടകക്കാരനുമായി നിയമാനുസൃത വാടക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വാടക കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള ₹10956/- പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവർ/കാറ്റാടി യന്ത്രങ്ങൾ എന്നിവയുടെ നികുതികൾ ഈടാക്കുന്നില്ല.

വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി 12 കാറ്റാടി യന്ത്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഈ കമ്പനികളിൽ നിന്നും നാളിതുവരെ തൊഴിൽ നികുതി, വസ്തു നികുതി എന്നിവ ഈടാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള 9 മൊബൈൽ ടവറുകളുടെയും വസ്തുനികുതി 2013-14 മുതൽ ഈടാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശങ്ങൾ ഉണ്ടായിട്ടും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നതിന് ഇത് കാരണമാകുന്നു. ആയതിനാൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയില്ല

2016-17 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഇത് സംബന്ധിച്ച കൃത്യമായ പരിശോധനകൾ നടത്തുവാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി ഒടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതുമൂലം തൊഴിൽ നികുതി യഥാസമയം ഡിമാന്റ്

ചെയ്യുവാനോ സമാഹരിക്കുവാനോ സാധിക്കുന്നില്ല. സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ധാരാളം സഹകരണസംഘങ്ങൾ, ബാങ്കുകൾ, പണമിടപാട്ടു സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ നികുതി തന്മൂലം പഞ്ചായത്തിന് നഷ്ടമാവുന്നു. ഈ വിഷയം സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശങ്ങൾ ഉണ്ടായിട്ടും യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ഇത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വീക്ഷിക്കുന്നു. ഭരണവകുപ്പിന്റെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-5 ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല

2016-17-ൽ 143 വ്യാപാരികൾ മാത്രമാണ് ഡി.ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ലാത്തതിനാൽ ഡി.ആന്റ് ഒ ലൈസൻസ് എടുക്കാതെ വ്യാപാരം നടത്തുന്നവരുടെ കണക്കുകൾ ലഭ്യമല്ല. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ഡി.ആന്റ് ഒ ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ മരാമത്ത് പ്രവർത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നതിനായി തുക പിൻവലിച്ചെങ്കിലും ബിറ്റുമിൻ വാങ്ങിയില്ല

2016-17 വർഷത്തിൽ 42 മരാമത്ത് ടാറിംഗ് പ്രവർത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നതിനായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം ₹30,02,531/- പിൻവലിച്ചെങ്കിലും ബിറ്റുമിൻ ലഭ്യമാക്കി പ്രവർത്തികൾ നടപ്പിലാക്കിയില്ല.

| ക്രമ.നം | ബിൽ.നം | തിയതി | തുക ₹ |
|---|---|---|---|
| 1 | 30/16-17 | 17.03.17 | 91,553 |
| 2 | 31/16-17 | 17.03.17 | 5,33,278 |
| 3 | 32/16-17 | 17.03.17 | 23,77,700 |
| | ആകെ | | 30,02,531 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ)564/17/തസ്വഭവ തിയതി 01.03.17 പ്രകാരം തദ്ദേശ സ്വയംഭരണങ്ങളുടെ ഓരോ പ്രവർത്തിയുടെയും ടാറിന്റെ ആവശ്യമനുസരിച്ച് അതിന്റെ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും അതിനു ശേഷം സെക്രട്ടറിക്ക് തുക

നൽകുന്നതിന് സ്വന്തം റ്റി.എസ്.ബി അക്കൗണ്ട് ചെക്ക് നൽകേണ്ടതുമാണ്. സെക്രട്ടറി സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ തുക ഇട്ടതിന് ശേഷം സെക്രട്ടറിയുടെ ചെക്ക് ഓയിൽ കമ്പനിക്ക് നൽകി ബിറ്റുമിൻ വാങ്ങി കോൺട്രാക്ടർ/ കൺവീനർക്ക് നൽകേണ്ടതാണ്. ബിറ്റുമിന്റെ വില, ട്രാൻസ്പോർട്ടേഷൻ ചെലവ്, കയറ്റിറക്ക്കൂലി ഉൾപ്പെടെ അന്തിമ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതുമാണ്. ബിറ്റുമിൻ ലഭ്യമാക്കാതെ പ്രവർത്തികൾ നടപ്പിലാക്കാതിരുന്നാൽ അതിന്റെ ഉത്തരവാദി നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുമെന്ന് നിഷ്കർഷിച്ചിരിക്കെ തൻവർഷം ബിറ്റുമിൻ വാങ്ങുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ ₹30,02531/- പിൻവലിച്ചെങ്കിലും ബിറ്റുമിൻ ലഭ്യമാക്കി ടാറിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനിയർ പിൻവലിച്ച ₹30,02531/-യുടെ റ്റി.എസ്.ബി അക്കൗണ്ട് ചെക്ക് സെക്രട്ടറിക്ക് നല്കിയത്, സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച് ബിറ്റുമിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പകരം തനത് ഫണ്ടിലാണ് (10644634077-SBI-കൂട്ടാർ) സെക്രട്ടറി നിക്ഷേപിച്ചിരിക്കുന്നത്. ഇത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. ബിറ്റുമിൻ ലഭ്യമാക്കി ടാറിംഗ് പ്രവർത്തികൾ നടപ്പിലാക്കേണ്ടതും അല്ലാത്തപക്ഷം ഇതിനായി പിൻവലിച്ച ₹30,02,531/- സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ്. വികസനഫണ്ട് പിൻവലിച്ചത് തനത് ഫണ്ടിൽ നിക്ഷേപിച്ചതിന് വിശദീകരണം ഹാജരാക്കേണ്ടതുമാണ്.

## 3-2 റോഡ് ടാറിംഗ് പ്രവർത്തികൾക്ക് ബിറ്റുമിൻ ലഭ്യമാക്കാതെ പാർട്ട് ബില്ല് നൽകിയിരിക്കുന്നു-പണി പൂർത്തികരിച്ചില്ല.

2016-17 വർഷത്തിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾ ഏറ്റെടുത്തിരുന്നു എന്നാൽ ഈ പ്രവർത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ ലഭ്യമാക്കാതെ പാർട്ട് ബില്ല് നൽകിയിരിക്കുന്നു. പണികൾ പൂർത്തികരിച്ചിട്ടുമില്ല. ബിറ്റുമിൻ വാങ്ങുന്നതിനായി പിൻവലിച്ച ₹3002531/- നിലവിൽ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ (10644634077 SBI-കൂട്ടാർ) നിക്ഷേപിച്ചിരിക്കുകയാണ്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം. എം ബുക്ക് നം | പ്രോജക്ട് | അടങ്കൽ തുക | ബില്ല് നം. തീയതി | തുക ₹ |
|---|---|---|---|---|---|
| 1 | 150/ 274 | തറപ്പേൽപ്പടി പള്ളിപ്പടി എരുമേലിപ്പടി റോഡ് ടാറിംഗ് | 350000 | 40/16-17-31.3.17 | 193341 |
| 2 | 155/ 305 | ശാന്തിപുരം ചെന്നാക്കുളം മോനിപ്പടി റോഡ് ടാറിംഗ് | 400000 | 41/16-17-31.3.17 | 211433 |
| 3 | 87/ 48 | കുറുമാക്കൽപ്പടി റോഡ് ടാറിംഗ് | 400000 | 48/16-17-31.3.17 | 210024 |

| | | | | | |
|---|---|---|---|---|---|
| 4 | 115/ 45 | മാധവൻകട പോത്തിൻകണ്ടം റോഡ് ടാറിംഗ് | 400000 | 54/16-17-31.3.17 | 203375 |
| 5 | 72/ 42 | എ.പി.ജെനഗർ ദേവദാസൻപടി റോഡ് ടാറിംഗ് | 450000 | 56/16-17-31.3.17 | 65831 |
| 6 | 99/ 46 | കൊച്ചുവീട്ടിൽപടി തങ്കച്ചൻ കട റോഡ് ടാറിംഗ് | 450000 | 58/16-17-31.3.17 | 236422 |
| 7 | 124/ 40 | ഇലഞ്ഞിമട്ടംപടി റോഡ് ടാറിംഗ് | 305000 | 59/16-17-31.3.17 | 161310 |
| 8 | 117/ 44 | നിരപ്പേൽ കട വാസുപിള്ളപടി റോഡ് ടാറിംഗ് | 300000 | 60/16-17-31.3.17 | 153544 |
| 9 | 119/ 49 | പുതുവേലിപ്പടി പാരക്കടവ് റോഡ് ടാറിംഗ് | 300000 | 61/16-17-31.3.17 | 160433 |
| 10 | 84/ ഇല്ല | ശാന്തിപുരം ചെന്നാക്കുളം റോഡ് ടാറിംഗ് | 450000 | 62/16-17-31.3.17 | 235630 |
| 11 | 123/ 39 | കല്ലേപുരയിടംപടി കാനംമ്പടി റോഡ് ടാറിംഗ് | 300000 | 64/16-17-31.3.17 | 157276 |
| 12 | 107/ 34 | പഴയകോച്ചറ ചാലക്കുടിമേട് റോഡ് ടാറിംഗ് | 450000 | 68/16-17-31.3.17 | 230866 |
| 13 | 85/ 307 | കുലങ്കരപ്പടി റോഡ് ടാറിംഗ് | 400000 | 70/16-17-31.3.17 | 206063 |
| 14 | 152/ 276 | അപ്പാപ്പിക്കട കുളത്തുംമേട് റോഡ് ടാറിംഗ് | 350000 | 71/16-17-31.3.17 | 184442 |
| 15 | 121/ 43 | പി.എച്ച്.സിപ്പടി പോത്തിൻകണ്ടം റോഡ് ടാറിംഗ് | 400000 | 72/16-17-31.3.17 | 208416 |
| 16 | 153/ 41 | ഇലഞ്ഞിമറ്റംപടി പാലയ്ക്കാതൊട്ടിപ്പടി റോഡ് ടാറിംഗ് | 150000 | 75/16-17-31.3.17 | 76688 |
| 17 | 116/ 51 | ഗ്രീൻവാലിപ്പടി കുലത്തിൻമേട് റോഡ് ടാറിംഗ് | 400000 | 76/16-17-31.3.17 | 208635 |
| | | ആകെ | | | 3002531 |

ഈ പ്രവർത്തികൾ സ്പിൽ ഓവറായി 2017-18 വർഷം ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് ഓഫീസ് ത്രീ ഫേസ് കണക്ഷൻ വൈദ്യുതീകരണം - ടെണ്ടർ കുറവ് പരിഗണിച്ചില്ല.നഷ്ടം ₹ 5722/-

പ്രോജക്ട് നമ്പർ : 1/17
അടങ്കൽ തനതു ഫണ്ട് : ₹ 150000/-
കരാറുകാരൻ : സാബു എം.കെ.
വൗച്ചർ നമ്പർ : 21600736/23.2.17

സെക്രട്ടറി നിർവഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് ത്രീ ഫേസ് കണക്ഷൻ വൈദ്യുതീകരണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് ₹114447/- ആണ്. കരാറെടുത്ത സാബു എം.കെ.എന്നയാൾ 5% ടെണ്ടർ കുറവിലാണ് ടെണ്ടർ ചെയ്തത്. അന്തിമ ബിൽ പ്രകാരമുള്ള പ്രവൃത്തി മൂല്യം ₹114447/- ആണ്. ഇതിൽ നിന്നും ടെണ്ടർ കുറവ് പരിഗണിക്കാതെ നികുതികൾ കിഴിച്ചുള്ള തുക കരാറുകാരന് നൽകിയതു മൂലം ₹5722/- പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അനുവദനീയമായ തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 114447 | 114447 | |
| കുറയ്ക്കുക-ടെണ്ടർ കിഴിവ് 5% | 5722 | ഇല്ല | |
| | 108725 | 114447 | |
| കുറയ്ക്കുക- വാറ്റ്@5% | 5436 | 5722 | 286 |
| നിർമാണത്തൊഴിലാളി ക്ഷേമനിധി@1% | 1087 | 1144 | 57 |
| ആദായനികുതി@1% | 1087 | 1144 | 57 |
| കരാറുകാരന് | 101115 | 106437 | 5322 |
| ആകെ | | | 5722 |

അധികം നൽകിയ ₹5722/- നിർവഹണ ഉദ്യോഗസ്ഥനായിരുന്ന സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് പോത്തുകുട്ടി വിതരണം-അധിക ധനസഹായം അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പോത്തുകുട്ടി വിതരണം-ടി.എസ്.പി-(82/17) |
| ബിൽ നം./തിയതി | 3/2016-17 തി. 31.03.2017 |
| തുക | ₹45,000 (വികസന ഫണ്ട്-ടി.എസ്.പി) |
| ഗുണഭോക്തൃ വിഹിതം | ₹15,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 6-8 മാസം പ്രായമുള്ള പോത്തുകുട്ടികളെ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഒരു പോത്തുകുട്ടിക്ക് ₹12,000/-

നിരക്കിൽ ചുവടെ കൊടുത്തിരിക്കുന്ന അഞ്ച് ഗുണഭോക്താക്കൾക്ക് പോത്തുകുട്ടികളെ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നു ഗുണഭോക്തൃ വിഹിതമായി ₹3,000/- വീതവും പ്ലാൻ ഫണ്ടിൽ നിന്നും ₹9,000/- വീതവുമാണ് ചെലവഴിച്ചിട്ടുള്ളത്. അത് പ്രകാരം അഞ്ച് പോത്തുകുട്ടികൾക്കായി ₹15,000/- ഗുണഭോക്തൃവിഹിതവും ₹45,000/- പ്ലാൻ ഫണ്ടും ചെലവഴിച്ചിട്ടുണ്ട്. 11.01.2016 ലെ സ.ഉ (എം.എസ്) 4/2016/ ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3-2-4 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പോത്തുകുട്ടികളെ വാങ്ങി നൽകുന്നതിന് അനുവദിക്കാവുന്ന പരമാവധി ധനസഹായം ₹7,500/-ആണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഒരു പോത്തുകുട്ടിക്ക് ₹9,000/- ആണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | പേര് | ഒരു പോത്തുകുട്ടിയുടെ വില | അനുവദിക്കാവുന്ന ധനസഹായം | അനുവദിച്ച ധനസഹായം | അധികം അനുവദിച്ച ധനസഹായം |
|---|---|---|---|---|---|
| 1 | രഘുമാഥൻ, രഘുഭവനം | 12,000 | 7,500 | 9,000 | 1,500 |
| 2 | സിന്ധു എം.വി, പാപ്പാംപറമ്പിൽ | 12,000 | 7,500 | 9,000 | 1,500 |
| 3 | ജേക്കബ് ജെയിംസ്, പുത്തൻവീട്ടിൽ | 12,000 | 7,500 | 9,000 | 1,500 |
| 4 | വിജയമ്മ പങ്കജാക്ഷൻ, ബ്ലോക്ക് നം. 565 | 12,000 | 7,500 | 9,000 | 1,500 |
| 5 | സുരേന്ദ്രൻ, പരിയാരത്ത് | 12,000 | 7,500 | 9,000 | 1,500 |
| | ആകെ | | | | 7,500 |

അധികമായി അനുവദിച്ച ധനസഹായം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം അനുവദിച്ച ₹7,500/- ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ -തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു വിവിധ സർക്കാർ ഏജൻസികൾക്ക് തുകകൾ കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത മരുന്നുകൾ വിതരണം ചെയ്തിട്ടില്ല. പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ ടി പ്രോജക്ടുകളുടെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്റ്റ് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക | ബിൽ.നം.തീയതി | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. എസ്.25/17<br>പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 300000 | 3/2016-17<br>16.02.17 | ഇല്ല | 300000 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. എസ്.50/17<br>പാലിയേറ്റീവ് കെയർ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 440000 | 4/2016-17<br>16.02.17 | ഇല്ല | 440000 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. എസ്.23/17<br>ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ഔഷധി, തൃശ്ശൂർ | 350000 | 5/2016-17<br>16.02.17 | 145140 | 204860 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. എസ്.27/17<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ഹോംകോ | 75000 | 6/2016-17<br>16.02.17 | ഇല്ല | 75000 |
| ആകെ ക്രമീകരിക്കാൻ ശേഷിക്കുന്ന തുക | | | | | 1019860 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ, കൈമാറിയതിൽ ക്രമീകരിക്കാൻ ശേഷിക്കുന്ന ₹10,19,860/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2015-16 വർഷം ആവിഷ്കരിച്ച വനിതകൾക്കുള്ള ഭവനപദ്ധതിയിലെ ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | പേര് | എഗ്രിമെന്റ് തീയതി | ധനസഹായം | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ജഗദമ്മ രാജു, ഓലിക്കൽ | 03.10.2015 | 2,00,000 | 1,80,000 | 20,000 |
| 2 | രജിത സതീഷ്, നെച്ചാട്ട് | 30.09.2015 | 2,00,000 | 1,80,000 | 20,000 |
| 3 | നിഷാമോൾ പി.കെ | 30.09.2015 | 2,00,000 | 1,80,000 | 20,000 |

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു തുക വിതരണം ചെയ്യുന്നതിന് അടിയന്തിര നപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതി പ്രത്യേക ജാഗ്രത പുലർത്തേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹2,400/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2013-14 | 3-2 | 600 | വർഗ്ഗീസ് | 11610100039 തി.05.04.2016 |
| 2013-14 | 3-2 | 600 | വിനോദ്കുമാർ | 11610100040 തി. 05.04.2016 |
| 2013-14 | 3-2 | 600 | ജോസഫ് | 11610100089 തി. 08.04.2016 |
| 2013-14 | 3-2 | 600 | തോമസ് | 11610100724 തി. 15.06.2016 |
| | | 2400 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2003-04 | | ട്രാക്ടറിന് അധിക ചെലവ് | തൽസ്ഥിതി തുടരുന്നു |
| 2006-07 | 2-7 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിടെ ആസ്തികൾ വാടകയ്ക്ക് കൊടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത്-ഷോപ്പിംഗ് കോംപ്ലക്സ് തുക്കുപാലം മാർക്കറ്റ്-നഷ്ടം 7527/- | ” |
| 2007-08 | 3-4 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം- കെ.എസ്.ഇ.ബി, എസ്.എസ്.എ, ഊർജ സുരക്ഷ മിഷൻ -608047/- | ” |
| 2008-09 | 3-12 | 2011-12 | 2-4 | വരുമാന പരിധിയിലും ഉയർന്ന വരുമാനമുള്ളവർക്ക് ആനുകൂല്യം നൽകി- ₹2000/- | ” |

| | | | | | |
|---|---|---|---|---|---|
| | അനുബന്ധം 2 | 2014-15 | | നിഷ്ക്രിയ ആസ്തികൾ- അവലോകന റിപ്പോർട്ട് | ” |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,11,61,955.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,65,29,160.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13,222.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,19,860.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 5,722.00 | ശ്രീ. ആർ.വെള്ളയ്യൻ, സെക്രട്ടറി |
| 3-4 | | 7,500.00 | ഡോ. എസ്.കാളീശ്വരൻ, വെറ്ററിനറി സർജൻ |
| ആകെ | | 13,222.00 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 10,19,860.00 | ഡോ.വിനീത പി.സൈമൺ ,മെഡിക്കൽ ഓഫീസർ |
| ആകെ | 10,19,860.00 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. ആർ.വെള്ളയ്യൻ, സെക്രട്ടറി | സെക്രട്ടറി, കരുണാപുരം ഗ്രാമപഞ്ചായത്ത് | ട്രൈബൽ കോളനി ലബ്ബക്കണ്ടം, കുമളി പി.ഒ., ഇടുക്കി ജില്ല |
| ഡോ. എസ്.കാളീശ്വരൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കരുണാപുരം ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് നം. 120 കല്ലാർ പി.ഒ., തൂക്കുപാലം, ഇടുക്കി ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ. എഫ്.ഐ. 5/189/98/31.8.1998 |
| 1997-98 | എൽ. എഫ്.ഐ. -8/649/99/15.3.2000 |
| 1998-99 | എൽ. എഫ്.ഐ. -8/607/00/6.2.2001 |
| 1999-2000 | എൽ. എഫ്.ഐ. -8/625/01/15.3.2002 |
| 2000-01 | എൽ. എഫ്.ഐ. -8/210/03/2.7.2002/31.7.2003 |
| 2001-02 | എൽ. എഫ്.ഐ. -8/571/03/19.1.2004/28.2.2004 |
| 2002-03 | എൽ. എഫ്.ഐ. -8/392/04/17.8.2004/3.12.2004 |
| 2003-04 | എൽ. എഫ്.ഐ. -10/186/06/14.7.2006/18.11.2006 |
| 2004-05 | എൽ. എഫ്.ഐ. -10/18/07/7.3.2007/7.6.2007 |
| 2005-06 | എൽ. എഫ്.ഐ. -10/590/07/2.8.2007/12.9.2007 |
| 2006-07 | എൽ. എഫ്.ഐ. -10/68/09/1.10.2009/11.1.2010 |
| 2007-08 | എൽ. എഫ്.ഐ. -10/234/10/17.9.2010/10.3.2011 |
| 2008-09 | എൽ. എഫ്.ഐ. -12/731/11/14.11.2011/31.3.2012 |
| 2009-10 | എൽ. എഫ്.ഐ. -12/732/11/12.12.2011/31.3.2012 |
| 2010-11 | എൽ. എഫ്.ഐ. -12/287/12/31.5.2013/4.10.2013 |
| 2011-12 | എൽ. എഫ്.ഐ. -12/405/14/5.52014/9.6.2014 |
| 2012-13 | എൽ. എഫ്.ഐ. -12/579/14/13.8.2014/20.10.2014 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ -12/644/2015/27.7.2015 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ -12/859/2016/5.7.2016 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ -12/799/2016/30.1.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./ഐ.ഡി.കെ.-12/890/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Phone No : 04862 227332
E-mail : doidk.ksad@kerala.gov.in
തീയതി: 05.07.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA/IDK-12/890/2017

Kerala State Audit Department
District Audit Office, Idikki

E-mail : doidk.ksad@kerala.gov.in

Phone No : 04862 227332
Dated : 05.07.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Karunapuram Grama Panchayath in Idukki District for the year ended on 31.03.2017 in accordance with section 4 of the Kerala Local

Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts Panchayath Raj Instituitions.

In my opinion, the Financial Statements of Karunapuram Gama Panchayath for the 2016-17, except the observations in my audit report properly presents the picture of Income and Expenditure.

DEPUTY DIRECTOR